## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2114 — 07.03.2017 ൽ മറുപടിക്ക്

### സ്റ്റാഫ് പാറ്റേൺ പരിഷ്കരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ.എൻ. ജയരാജ്<br>ശ്രീ.റോഷി അഗസ്റ്റിൻ<br>,, മോൻസ് ജോസഫ്<br>,, സി.എഫ്.തോമസ് | | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
| (എ) | ആരോഗ്യവകുപ്പിലെ വിവിധ തസ്തികകളിലെ സ്റ്റാഫ് പാറ്റേൺ നിലവിൽ വന്നത് എന്നാണ്; സ്റ്റാഫ് പാറ്റേൺ നിലവിൽ വന്നതിനുശേഷം ഇതിൽ പരിഷ്കരണം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | 1961 ലെ സ്റ്റാഫ് പാറ്റേൺ 2008 ൽ ഭേദഗതി വരുത്തി ഉത്തരവായെങ്കിലും നൂതനമായ ചികിൽസാ വിഭാഗങ്ങൾ ഉൾപ്പെടുത്തി പൂർണ്ണമായും സ്റ്റാഫ് പാറ്റേൺ പുതുക്കിയില്ല. സർക്കാർ ആശുപത്രികളിൽ മെച്ചപ്പെട്ട സേവനം ലഭിക്കുന്നതിനായി ജില്ലാ താലൂക്ക്തല ആശുപത്രികളിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ 'ആർദ്രം' സ്കീമിൽ ഉൾപ്പെടുത്തി പരിഗണിച്ചു വരികയാണ്. |
| (ബി) | നിലവിലുള്ള സ്റ്റാഫ് പാറ്റേണിൽ കാലോചിതമായ മാറ്റങ്ങൾ വരുത്താൻ അടിയന്തര നടപടി സ്വീകരിക്കുമോ? | (ബി) | ജില്ലാ താലൂക്ക്തല ആശുപത്രികളിലും, തെരഞ്ഞെടുക്കപ്പെട്ട പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ ഫാമിലി ഹെൽത്ത് സെന്ററുകളാക്കി ഘട്ടംഘട്ടമായി മാറ്റുന്ന പ്രവർത്തനങ്ങളുടെ ഭാഗമായും, തെരഞ്ഞെടുത്ത സ്ഥാപനങ്ങളുടെ സ്റ്റാഫ് പാറ്റേൺ നിശ്ചിത മാനദണ്ഡങ്ങളോടെ മാറ്റം വരുത്തുന്നതിനുമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ